**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5006** **11-08-2021 - ൽ മറുപടിയ്ക്ക്**

**പാരമ്പര്യ കളരി മർമ്മ ചികിത്സ നടത്തുന്നവർക്ക് ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പാരമ്പര്യ കളരി മർമ്മ, ഉഴിച്ചിൽ ചികിത്സ നടത്തുന്നവർക്ക് ഇതിനായി ആവശ്യമുള്ള തൈലങ്ങൾ, കുഴമ്പുകൾ എന്നിവ നിർമ്മിക്കാനും വിപണനം നടത്താനുമുള്ള ലൈസൻസ്/അനുമതി പത്രം ഡ്രഗ്സ് കൺട്രോളർ വിഭാഗം വഴി നൽകി വരുന്നുണ്ടോ; | (എ) | വിപണനാർത്ഥം ആയുർവേദ/സിദ്ധ/ യുനാനി ഔഷധങ്ങൾ നിർമ്മിക്കുന്നതിന് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് പ്രകാരമുള്ള ഡ്രഗ് ലൈസൻസുകൾ ഇന്ത്യയിൽ നിർബന്ധമാണ്. പ്രസ്തുത ലൈസൻസ് ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ് വഴി മാത്രമാണ് നൽകി വരുന്നത്. ഈ ആവശ്യത്തിലേയ്ക്ക് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിന്ന് 25 ഡി ലൈസൻസ് അനുവദിച്ച വരുന്നുണ്ട്. |
| (ബി) | എങ്കിൽ ആയത് ലഭിക്കുവാനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയാണെന്ന് അറിയിക്കുമോ; ആയതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | വിപണനാർത്ഥം ആയുർവേദ/സിദ്ധ/യുനാനി ഔഷധങ്ങൾ നിർമ്മിക്കുന്നതിന് ലൈസൻസ്/ അനുമതി പത്രം ലഭിക്കുന്നതിനായി അപേക്ഷ നൽകേണ്ട സ്ഥലം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. 1) തിരുവനന്തപുരം - ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, ആരോഗ്യ ഭവൻ, തിരുവനന്തപുരം 2) കൊല്ലം /പത്തനംതിട്ട/കോട്ടയം - ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം, മന്നാനിയ ഷോപ്പിംഗ് കോംപ്ലക്സ്, ആണ്ടാമുക്കം, കൊല്ലം. 3)തൃശ്ശൂർ/എറണാകുളം/പാലക്കാട്/ ഇടുക്കി/ ആലപ്പുഴ - ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം, സിവിൽ സ്റ്റേഷൻ, കാക്കനാട്. 4)കോഴിക്കോട്/കാസർഗോഡ്/ കണ്ണൂർ/ വയനാട്/ മലപ്പുറം - ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം, സിവിൽ സ്റ്റേഷൻ, കോഴിക്കോട്. അപേക്ഷയും അനുബന്ധ രേഖകളും അതാത് ഡ്രഗ് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കണം. ഡ്രഗ് ഇൻസ്പെക്ടർ സ്ഥാപന പരിശോധന നടത്തിയശേഷം ഇൻസ്പെക്ഷൻ റിപ്പോർട്ട് സഹിതം അപേക്ഷ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദം) - ടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കുന്നു. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ & സ്റ്റേറ്റ് ലൈസൻസിംഗ് അതോറിറ്റി അപേക്ഷയും ഇൻസ്പെക്ഷൻ റിപ്പോർട്ടും മറ്റു രേഖകളും |

| | | | |
|---|---|---|---|
| | | | പരിശോധിച്ചശേഷം അപേക്ഷ ക്രമത്തിലും ഡ്രഗ്സ് ഇൻസ്പെക്ടർ ശുപാർശ ചെയ്തിട്ടുമുണ്ടെങ്കിൽ ലൈസൻസ് അനുവദിക്കുന്നു. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ ചെക് ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഡ്രഗ്സ് കൺട്രോളർ വിഭാഗം വഴിയല്ല ലൈസൻസ്/അനുമതി പത്രം നൽകുന്നത് എങ്കിൽ മറ്റേത് വിഭാഗമാണ് ഈ കാര്യങ്ങളിൽ അനുമതി/ ലൈസൻസ് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | വിപണനാർത്ഥം ആയുർവേദ/സിദ്ധ/ യുനാനി ഔഷധങ്ങൾ നിർമ്മിക്കുന്നതിന് ഡ്രഗ്സ് & കോസ്മറ്റിക്സ് ആക്ട് പ്രകാരമുള്ള ഡ്രഗ് ലൈസൻസ് ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ് വഴി മാത്രമാണ് നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ആയുർവേദ ഔഷധ നിർമ്മാണ ലൈസൻസ് ലഭിക്കുന്നതിന് വേണ്ടി സമർപ്പിക്കേണ്ട രേഖകൾ

1. 5 രൂപ കോർട്ട്ഫീ സ്റ്റാമ്പും പതിച്ച അപേക്ഷ അതാത് മേഖലാ ഓഫീസ് മുഖേന ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർക്ക് സമർപ്പിക്കണം.
2. ശരിയായി പൂരിപ്പിച്ച 24 ഡി
3. 1000 രൂപ (ഡ്രഗ് ലൈസൻസ്) 2760 രൂപ (ജിഎംപി) ചെലാൻ (0210-04-104-99)
4. അപേക്ഷകനും എൻജിനീയറും ഒപ്പിട്ട കെട്ടിടത്തിന്റെ വിശദമായ പ്ലാൻ
5. 200/- മുദ്രപത്രത്തിൽ നോട്ടറി സാക്ഷ്യപ്പെടുത്തിയ നിശ്ചിത മാതൃകയിലെ അഫിഡവിറ്റ്
6. കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്
7. സ്ഥാപനത്തിന്റെ കൂട്ടു കച്ചവട കരാർ സാക്ഷ്യപ്പെടുത്തിയത്/ കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ എന്നിവ , ഡയറക്ടേഴ്സ്, പാർട്ണേഴ്സ് എന്നിവരുടെ തിരിച്ചറിയൽ രേഖ സാക്ഷ്യപ്പെടുത്തിയത്.
8. അപേക്ഷകന്റെ തിരിച്ചറിയൽ കാർഡിന്റെ കോപ്പി- സാക്ഷ്യപ്പെടുത്തിയത്
9. ഫോട്ടോ പതിച്ച് ശരിയായി പൂരിപ്പിച്ച ചോദ്യാവലി.
10. സാങ്കേതിക വിദഗ്ധരുടെ ഫോട്ടോ പതിച്ച് ഡ്രഗ്സ് ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തിയ നിശ്ചിത മാതൃകയിലെ സത്യവാങ്മൂലം.( ഔഷധ നിർമ്മാണ വിഭാഗത്തിൽ ഒരാൾ, ഗുണനിലവാര നിയന്ത്രണ വിഭാഗത്തിൽ രണ്ട് പേർ.
11. സാങ്കേതിക വിദഗ്ധരുടെ യോഗ്യതാ സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ് എന്നിവ സാക്ഷ്യപ്പെടുത്തിയത്
12. വെള്ളം പരിശോധിച്ച റിപ്പോർട്ട്/ വാട്ടർ അതോറിറ്റിയുടെ ഇൻവോയ്സ് കാർഡ് കോപ്പി
13. ലാബ് ഉപകരണങ്ങൾ, യന്ത്രസാമഗ്രഹികൾ, പാത്രങ്ങൾ എന്നിവയുടെ ലിസ്റ്റ് അപേക്ഷകന്റെ ഒപ്പോടുകൂടിയ
14. അപേക്ഷകന്റെ വിലാസം രേഖപ്പെടുത്തി സ്റ്റാമ്പ് പതിച്ച കവർ.
15. അംഗീകാരം ലഭിക്കേണ്ട ഔഷധങ്ങളുടെ നിശ്ചിത മാതൃകയിലുള്ള ഔഷധ ലിസ്റ്റ് ( പി & പി ഐറ്റം പതിന കോളം,ക്ലാസിക്കൽ ഐറ്റം നാല് കോളം), ലൈസൻസി, ടെക്നിക്കൽ സ്റ്റാഫ് മാനുഫാക്ചറിംഗ് എന്നിവർ സാക്ഷ്യപ്പെടുത്തിയതും അല്ലാത്തതും (1+1)
16. ഔഷധനിർമ്മാണ സ്ഥാപനത്തിന്റെ എസ്. ഒ. പി. ജി.എം.പി ക്കു വേണ്ടി
17. ലൈസൻസി മരണപ്പെട്ടതുമൂലം പുതിയ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ്, നിലവിലുള്ള ലൈസൻസ്, ജി.എം.പി പുതുക്കൽ സർട്ടിഫിക്കറ്റ്, അംഗീകൃത ഔഷധങ്ങളുടെ ലിസ്റ്റ് എന്നിവ ഉൾപ്പെടെയുള്ള അപേക്ഷ നൽകേണ്ടതാണ്.